## പാഠം 12 ജൂൺ 10–16

# കർത്താവിന്റെ ദിവസം

**ശബ്ബത്ത് സായാഹ്നം ജൂൺ 10**

**ഈ ആഴ്ചയിലെ പഠനത്തിനായി വായിക്കുക: 2 പത്രൊസ് 3:1,2; യോഹന്നാൻ 21:15–17; 2 പത്രൊസ് 3:3–13; സങ്കീർത്തനങ്ങൾ 90:4; മത്തായി 24:43–51; 2 പത്രൊസ് 3:14–18.**

**മനഃപാഠവാക്യം: "ഇങ്ങനെ ഇവ ഒക്കെയും അഴിവാനുള്ളതായിരിക്കയാൽ ആകാശം ചുട്ടഴിയുവാനും മൂലപദാർത്ഥങ്ങൾ വെന്തുരുകുവാനും ഉള്ള ദൈവത്തിന്റെ വരവു കാത്തിരുന്നും ബദ്ധപ്പെടുത്തിയും കൊണ്ടു നിങ്ങൾ എത്ര വിശുദ്ധജീവനവും ഭക്തിയും ഉള്ളവർ ആയിരിക്കണം" (2 പത്രോസ് 3:11,12).**

കഴിഞ്ഞുപോയ കാലങ്ങളിൽ ദൈവത്തിൽ വിശ്വസിക്കാതിരുന്ന മനുഷ്യരെ വിശ്വസിക്കാൻ കൊള്ളാത്തവരും, അപകടകാരികളായിപോലും കണ്ടിരുന്നു. എന്തുകൊണ്ട്? ആശയം ലളിതമായിരുന്നു: അവർ ദൈവത്തിൽ വിശ്വസിച്ചിരുന്നില്ലെങ്കിൽ, അവരുടെ പ്രവൃത്തികൾക്ക് അവർ ഉത്തരം പറയേണ്ട ഭാവിയിലെ ഒരു ന്യായവിധിയിലും അവർ വിശ്വസിച്ചിരുന്നില്ല.

അപ്രകാരമുള്ള ചിന്താഗതി ഇന്ന് പഴഞ്ചനായി കണക്കാക്കപ്പെടുന്നുവെങ്കിലും (രാഷ്ട്രീയമായി തെറ്റും), അതിനു പിന്നിലുള്ള കാരണവും യുക്തിയും നിരാകരിക്കാനാകില്ല. നിശ്ചയമായും അനേകർക്കും ശരി ചെയ്യുന്നതിന് ഭാവിയിലെ ഒരു ന്യായവിധിയുടെ ആവശ്യമില്ല. എന്നാൽ അതേ സമയം, ദൈവത്തോടു മറുപടി പറയേണ്ടിവരും എന്ന ദൂരക്കാഴ്ച നിശ്ചയമായും ശരിയായ പെരുമാറ്റത്തെ പ്രോത്സാഹിപ്പിക്കും.

നാം കണ്ടതുപോലെ, ദൈവമുൻപാകെ ദുഷ്ടന്മാർ നേരിടാൻ പോകുന്ന ന്യായവിധിയെക്കുറിച്ച് താക്കീത് ചെയ്യുവാൻ പത്രൊസ് ഭയപ്പെട്ടിരുന്നില്ല, കാരണം അങ്ങനെ ഒരു ന്യായവിധി വരുമെന്ന കാര്യത്തിൽ ബൈബിൾ വ്യക്തമാണ്. ഈ പശ്ചാത്തലത്തിൽ, കാലാന്ത്യം, ന്യായവിധി, യേശുവിന്റെ രണ്ടാംവരവ്, "മൂലപദാർത്ഥങ്ങൾ കത്തിയഴിയുന്ന" (2 പത്രൊസ് 3:10) സമയം എന്നിവയെക്കുറിച്ച് പത്രൊസ് സംശയലേശമെന്യെ സംസാരിക്കുന്നു. നാമെല്ലാം പാപികളാണെന്ന് പത്രൊസിന് അറിയാമായിരുന്നു. അതുകൊണ്ടുതന്നെ ആ ദൂരക്കാഴ്ച നമ്മുടെ മുന്നിൽ കണ്ടുകൊണ്ട് അവൻ ചോദിക്കുന്നു: "നിങ്ങൾ എത്ര വിശുദ്ധജീവനവും ഭക്തിയും ഉള്ളവർ ആയിരിക്കണം" (2 പത്രൊസ് 3:12).

**ഞായർ ജൂൺ 11**

**അധികാരനിര**

സഭ നേരിടാൻ പോകുന്ന അപകടകരമായ ഉപദേശങ്ങളെക്കുറിച്ച് പത്രൊസ് അവന്റെ വായനക്കാരെ താക്കീത് ചെയ്തു. സ്വാതന്ത്ര്യം വാഗ്ദത്തം ചെയ്യുമ്പോഴും

നമുക്ക് ക്രിസ്തുവിൽ വാഗ്ദത്തം ചെയ്യപ്പെട്ടിരിക്കുന്ന സ്വാതന്ത്ര്യത്തിനു വിപരീതമായുള്ള ജനങ്ങളെ തിരികെ പാപത്തിന്റെ അടിമത്തത്തിലേക്ക് നയിക്കുന്നവരെക്കുറിച്ച് അവൻ മുന്നറിയിപ്പ് നല്കി.

നിർഭാഗ്യവശാൽ, സഭ അഭിമുഖീകരിക്കാൻ പോകുന്ന ഏക വ്യാജ ഉപദേശം ഇത് മാത്രമായിരുന്നില്ല. മറ്റൊരു അപകടകരമായതുവരും. എന്നിരുന്നാലും, ഈ പ്രത്യേകമായ താക്കീതിലേക്ക് പത്രൊസ് പ്രവേശിക്കുന്നതിനു മുൻപ്, അവൻ മറ്റെന്തോ ആദ്യം പറയുന്നു.

“പ്രിയമുള്ളവരേ ഞാൻ ഇപ്പോൾ നിങ്ങൾക്ക് എഴുതുന്നതു രണ്ടാം ലേഖനമല്ലോ. വിശുദ്ധ പ്രവാചകന്മാർ മുൻപു പറഞ്ഞ വചനങ്ങളും നിങ്ങളുടെ അപ്പൊസ്തലന്മാർ മുഖാന്തരം കർത്താവും രക്ഷിതാവുമായവൻ തന്ന കല്പനയും ഓർത്തുകൊള്ളണമെന്ന് ഈ ലേഖനം രണ്ടിനാലും ഞാൻ നിങ്ങളെ ഓർമ്മപ്പെടുത്തി നിങ്ങളുടെ പരമാർത്ഥമനസ്സ് ഉണർത്തുന്നു” (2 പത്രൊസ് 3:1,2).

**അവൻ എഴുതുന്നതു അവന്റെ വായനക്കാർ എന്തുകൊണ്ടു ശ്രദ്ധിക്കണമെന്ന് കാണിക്കാൻ എന്തു കാര്യമാണ് പത്രൊസ് ഇവിടെ ഉന്നയിക്കുന്നത്?**

2 പത്രൊസ് 3:1,2 ൽ “വിശുദ്ധ പ്രവാചകന്മാരിൽ” നിന്നും മുൻപ് വന്നിട്ടുള്ള പ്രചോദിതമായ വാക്കുകളെക്കുറിച്ച് പത്രൊസ് അവരെ ഓർമ്മിപ്പിക്കുന്നു. അങ്ങനെ, അവൻ വീണ്ടും അവരെ വിശുദ്ധ ബൈബിളിലേക്ക് ചൂണ്ടിക്കാണിക്കുകയാണ്. പഴയനിയമത്തിലേക്ക്, അവർക്ക് “പ്രവാചക വാക്യവും അധികം സ്ഥിരമായിട്ടു നമുക്കുണ്ട്” (2 പത്രൊസ് 1:19). എന്ന് അവൻ അവരെ ഓർമ്മിപ്പിക്കുകയായിരുന്നു. അവരുടെ വിശ്വാസങ്ങൾ ദൈവവചനത്തിൽ ഊന്നിയതായിരിക്കണമെന്ന് അവന് വ്യക്തമാകേണ്ടതുണ്ടായിരുന്നു. പഴയനിയമം ഇനിമേലിൽ സാദ്ധ്യതയുള്ളതല്ലെന്നോ അല്ലെങ്കിൽ പ്രാധാന്യം കുറഞ്ഞതാണെന്നോ ഉള്ള ആശയത്തെ പുതിയനിയമത്തിലെ യാതൊന്നും തന്നെ ന്യായീകരിക്കുന്നില്ല. അതിനു വിരുദ്ധമായി, പഴയനിയമത്തിന്റെ സാക്ഷ്യമാണ് പുതിയതിന്റെ സാദ്ധ്യത സ്ഥാപിക്കുന്നതും യേശുവിനെക്കുറിച്ച് പത്രൊസിന്റെ അവകാശവാദങ്ങൾ ശരിവയ്ക്കുന്നതും.

എന്നാൽ ഇതിലും കൂടുതലാണ്. പത്രൊസ് പിന്നീട് പഴയനിയമം “വിശുദ്ധ പ്രവാചകരിൽ” നിന്നുള്ള നിരയിൽ അവൻ രക്ഷിതാവും കർത്താവുമായവന്റെ അപ്പൊസ്തലന്മാരിൽ” ഒരുവനായുള്ള അധികാരവും ഉറപ്പിച്ചു പറയുന്നു. അവൻ ചെയ്തുകൊണ്ടിരുന്നതു ചെയ്യാൻ കർത്താവിൽ നിന്നും അവനു ലഭിച്ച വിളിയെക്കുറിച്ച് അവനു വ്യക്തതയുണ്ടായിരുന്നു. അവൻ അത്ര ഉറപ്പോടും ബോദ്ധ്യത്തോടും കൂടി സംസാരിച്ചതിൽ അതിശയമൊന്നുമില്ല. അവന് അവന്റെ ദൂതിന്റെ ഉറവിടം അറിയാമായിരുന്നു.

**നമ്മുടെ ജീവിതങ്ങളിലെ പരമമായ അധികാരി എന്തുകൊണ്ട് സ്വന്തം യുക്തിയോ വിലയിരുത്തലോ സംസ്കാരമോ പോലുമല്ല പിന്നെയോ ദൈവ**

**വചനമായിരിക്കണം? എന്തായാലും, ദൈവവചനം കാരണമല്ലായെങ്കിൽ പിന്നെ നാം എന്തിന് ഏഴാം ദിന ശബ്ബത്ത് പാലിക്കണം?**

**തിങ്കൾ** **ജൂൺ 12**

## പരിഹാസികൾ

അവന്റെ വായനക്കാരോട് വിശുദ്ധപ്രവാചകന്മാർ മുൻപു പറഞ്ഞ വചനങ്ങളും നിങ്ങളുടെ അപ്പൊസ്തലന്മാർ മുഖാന്തരം കർത്താവും രക്ഷിതാവുമായവൻ തന്ന കല്പനയും ഓർത്തുകൊള്ളണമെന്ന് ഈ ലേഖനം രണ്ടിനാലും ഞാൻ നിങ്ങളെ ഓർമ്മപ്പെടുത്തി" (2 പത്രൊസ് 3:2) പറഞ്ഞശേഷം, പത്രൊസ് തന്റെ പ്രത്യേകമായ താക്കീതിലേക്ക് കടക്കുന്നു. ഒരുപക്ഷേ, ഈ ഉപദേശം എത്ര അപകടകരമായിരിക്കും എന്ന് അറിഞ്ഞുകൊണ്ട്, അവൻ എഴുതിയിരുന്ന അധികാരത്തെ വ്യക്തമാക്കാൻ ശ്രമിക്കുന്നു.

**2 പത്രൊസ് 3:3,4 വായിക്കുക. ക്രിസ്തുവിന്റെ തിരിച്ചുവരവിനെ സംശയത്തോടെ വീക്ഷിക്കുവാൻ എന്ത് വാദങ്ങളുമായി മുമ്പോട്ട് വരും?**

വ്യാജ സ്വാതന്ത്ര്യം പ്രോത്സാഹിപ്പിച്ചവരും രണ്ടാം വരവിനെക്കുറിച്ച് സംശയം ഉന്നയിച്ചവരും തമ്മിൽ ഒരു പ്രധാനപ്പെട്ട സാമ്യമുണ്ട്. ആദ്യകൂട്ടർ "മലിനമോഹം കൊണ്ടു ജഡത്തെ അനുസരിച്ചു നടക്കുകയും" (2 പത്രൊസ് 2:9); ആ സമയത്ത്, ക്രിസ്തുവിന്റെ തിരിച്ചുവരവിനെ നിരാകരിച്ചവർ ചെയ്തത് "സ്വന്ത മോഹങ്ങളെ അനുസരിച്ചു നടന്നു" (2 പത്രൊസ് 3:3).

(പാപവികാരങ്ങൾ വ്യാജ ഉപദേശത്തിലേക്ക് നയിക്കാം എന്നത് ഒരു യാദൃശ്ചികതയല്ല, ആണോ?)

"അവന്റെ പ്രത്യക്ഷതയുടെ വാഗ്ദത്തം എവിടെ" (2 പത്രൊസ് 3:3) എന്ന മൂർച്ചയേറിയ ചോദ്യം പരിഹാസികൾ ചോദിക്കുമെന്ന് പത്രൊസ് താക്കീത് ചെയ്തു. അങ്ങനെ ചെയ്യുന്നതിലൂടെ, വേഗത്തിൽ, യേശു ഭൂമിയിലേക്ക് തിരികെവരുമെന്നുള്ള ക്രിസ്ത്യാനികളുടെ ദീർഘനാളത്തെ വിശ്വാസത്തെ അവർ വെല്ലുവിളിക്കും. എന്തായാലും, പ്രത്യേകിച്ച് അവൻ അന്ത്യനാളുകളെക്കുറിച്ചാണ് സംസാരിക്കുന്നത് എന്നതുകൊണ്ട്, അനേകം ക്രിസ്ത്യാനികൾ മരിച്ചു എന്ന നിരാകരിക്കാനാവാത്ത യാഥാർത്ഥ്യം അവർ ഉയർത്തിക്കൊണ്ട് വരും. മാത്രമല്ല, കാര്യങ്ങൾ മുൻപ് പൊയ്ക്കൊണ്ടിരുന്ന പോലെ തന്നെ ഇപ്പോഴും പോകുന്നു എന്നും പറയും.

ഉപരിതലത്തിൽ, അതൊരു ന്യായരഹിതമായ ചോദ്യമല്ല. നീതിമാന്മാരും ദുഷ്ടന്മാരും "ഒരുമിച്ച് പൊടിയിലേക്കു പോകും; അവരുടെ അന്ത്യവും ഇതായിരിക്കും" (Patriarchs and Prophets- p.85) എന്ന് വിശുദ്ധനായ ഹാനോക് കണ്ടു എന്ന് എലൻ. ജി.വൈറ്റ് എഴുതി. അത് അവന് അസ്വസ്തത ഉണ്ടാക്കുകയും ചെയ്തു. ജലപ്രളയത്തിനു മുമ്പ് ജീവിച്ചിരുന്ന, ഹാനോക്കിനെ പോലും ഈ ചോദ്യം ബുദ്ധിമുട്ടിച്ചെ

ങ്കിൽ, അതിനും ആയിരക്കണക്കിന് വർഷങ്ങൾക്കപ്പുറം ജീവിച്ചിരുന്നവരുടെ കാര്യമോ, "അന്ത്യനാളുകൾ" വരെയും.

ഇന്ന് സെവന്ത്-ഡേ അഡ്വന്റിസ്റ്റുകാരെന്ന നിലയിൽ നമ്മുടെ കാര്യമോ? നമ്മുടെ പേരുതന്നെ ക്രിസ്തുവിന്റെ രണ്ടാംവരവ് എന്ന ആശയത്തെ പിന്താങ്ങുന്നു. എന്നിട്ടു കൂടി, അവൻ ഇതുവരെ വന്നിട്ടില്ല. അതെ, പത്രൊസ് പ്രവചിച്ചതുപോലെ, നാം പരിഹാസികളെ നേരിടുന്നുണ്ട്.

നിങ്ങളുടെ സ്വന്തം വിശ്വാസ അനുഭവത്തിൽ ക്രിസ്തു തിരികെ വന്നിട്ടില്ല എന്ന വസ്തുതയെ നിങ്ങൾ എങ്ങനെ കൈകാര്യം ചെയ്യുന്നു? ശബ്ബത്തിൽ നിങ്ങളുടെ ഉത്തരം ക്ലാസിൽ കൊണ്ടുവരിക.

**ചൊവ്വ** **ജൂൺ 13**

## ആയിരം സംവത്സരങ്ങൾ ഒരു ദിവസം പോലെ

**2 പത്രൊസ് 3:8-10 ൽ എങ്ങനെയാണ് പത്രൊസ് പരിഹാസികളുടെ വാദഗതിയോട് പ്രതികരിക്കുന്നത്? ക്രിസ്തു ഇതുവരെ എന്തുകൊണ്ട് തിരികെ വന്നിട്ടില്ല എന്ന കാര്യം നമുക്ക് ഇപ്പോഴും മനസ്സിലാക്കാവുന്ന എന്താണ് അവൻ പറയുന്നത്?**

ഭൂമിയുടെ മാറ്റമില്ലാത്ത പ്രകൃതം എന്ന വിഷയത്തോട് പത്രൊസ് പ്രതികരിക്കുന്നു. സൃഷ്ടിപ്പ് മുതൽ ഭൂമി മാറ്റമില്ലാതെ തുടർന്നു എന്നത് ശരിയല്ലെന്ന് പത്രൊസ് തന്റെ കേൾവിക്കാരെ ഓർമ്മിപ്പിക്കുന്നു. (അവന്റെ അധികാരവും ഉറവിടവുമായി പത്രൊസ് നേരെ തിരിഞ്ഞു ദൈവവചനത്തിലേക്ക് പോകുന്നത് എങ്ങനെയെന്ന് ശ്രദ്ധിക്കുക). ദുഷ്ടത പെരുകിയ ഒരു സമയമുണ്ടായിരുന്നു. അതിനുശേഷം ദൈവം ലോകത്തെ ഒരു പ്രളയത്താൽ നശിപ്പിച്ചു (2 പത്രൊസ് 3:6). നിശ്ചയമായും, ആ പ്രളയം ലോകത്തിൽ ഒരു വലിയ മാറ്റം കൊണ്ടുവന്നു, ഇന്ന് നമ്മോടൊത്ത് അവശേഷിക്കുന്നത്. പിന്നീട് പത്രൊസ് പറയുന്നത് അടുത്ത നാശം അഗ്നിയിലാണ്; വെള്ളത്താലല്ല എന്നാണ് (2 പത്രൊസ് 3:10).

പത്രൊസ് ഇങ്ങനെയും എഴുതി; "എന്നാൽ പ്രിയമുള്ളവരേ, കർത്താവിന് ഒരു ദിവസം ആയിരം സംവത്സരം പോലെയും ആയിരം സംവത്സരം ഒരു ദിവസം പോലെയും ഇരിക്കുന്നു എന്നീ കാര്യം നിങ്ങൾ മറക്കരുത്" (2 പത്രൊസ് 3:8). ഇത് പറയുന്നതിലൂടെ, പത്രൊസ് 90-ാം സങ്കീർത്തനത്തിന്റെ വാക്കുകളെ പ്രതിഫലിപ്പിക്കുകയായിരുന്നിരിക്കാം: "ആയിരം സംവത്സരം നിന്റെ ദൃഷ്ടിയിൽ ഇന്നലെ കഴിഞ്ഞുപോയ ദിവസം പോലെയും രാത്രിയിലെ ഒരു യാമം പോലെയും മാത്രം ഇരിക്കുന്നു." മറ്റൊരു വിധത്തിൽ, നമ്മുടെ സമയ സങ്കല്പം ദൈവത്തിന്റേതുപോലെയല്ല; അതിനാൽ സമയത്തെക്കുറിച്ചുള്ള ഭാവനയിൽ നാം ശ്രദ്ധാലുക്കളായിരിക്കണം.

ഒരു മാനുഷിക കാഴ്ചപ്പാടിൽ നിന്നും, ക്രിസ്തുവിന്റെ തിരിച്ചുവരവിനു ഒരു അല്പം താമസമുള്ളതുപോലെ തോന്നാം. എന്നാൽ നാം കാര്യങ്ങൾ നോക്കിക്കാണുന്നത് നമ്മുടെ മാനുഷിക കാഴ്ചപ്പാടിൽ നിന്നും മാത്രമാണ്. ദൈവത്തിന്റെ കാഴ്ചപ്പാടിൽ താമസമില്ല. വാസ്തവത്തിൽ, പത്രൊസ് പറയുന്നത്: ദൈവം അവന്റെ സഹിഷ്ണുത കാണിക്കുന്നതുകൊണ്ട് അധികസമയം നല്കിയിരിക്കുന്നു എന്നാണ്. ആരും നശിക്കണമെന്ന് അവൻ ആഗ്രഹിക്കുന്നില്ല (2 പത്രൊസ് 3:9). അപ്പോൾ, ആ അധികസമയം അനുവദിക്കപ്പെട്ടിരിക്കുന്നത് അനേകർക്ക് മാനസാന്തരപ്പെടാനുള്ള അവസരം നല്കുവാനാണ്. എന്നിരുന്നാലും, പത്രൊസ് താക്കീത് ചെയ്യുന്നു: യേശുവിനെക്കുറിച്ച് ഒരു തീരുമാനം എടുക്കുന്നത് മാറ്റുവാനുള്ള ഒരവസരമായി ദൈവത്തിന്റെ സഹിഷ്ണുതയെ എടുക്കരുത്. കർത്താവിന്റെ ദിവസം രാത്രിയിലെ ഒരു കള്ളനെപ്പോലെ അപ്രതീക്ഷിതമായി വരും. രാത്രിയിൽ വരുന്ന ഒരു കള്ളൻ ഒരുപക്ഷേ, ആരും കാണാതെ ഒളിച്ചുകടക്കാമെന്ന് പ്രതീക്ഷിക്കും; എന്നാൽ കർത്താവിന്റെ ദിവസം ഒരു കള്ളനെപ്പോലെ വരുമ്പോൾ, അത് നിശ്ചയമായും ശ്രദ്ധിക്കപ്പെടും. പത്രൊസ് പറയുന്നതുപോലെ: “അന്നു ആകാശം കൊടുംമുഴക്കത്തോടെ ഒഴിഞ്ഞുപോകും; മൂലപദാർത്ഥങ്ങൾ കത്തിയഴികയും ഭൂമിയും അതിലുള്ള പണികളും വെന്തുപോകയും ചെയ്യും” (2 പത്രൊസ് 3:10). അപ്രകാരം, പത്രൊസിന്റെ സന്ദേശം പൗലൊസിന്റേതുപോലെയാണ്:

“പ്രസാദകാലത്തു ഞാൻ നിനക്ക് ഉത്തരം അരുളി; രക്ഷാദിവസത്തിൽ ഞാൻ നിന്നെ സഹായിച്ചു” (2 കൊരിന്ത്യർ 6:2).

**ബുധൻ** **ജൂൺ 14**

## അതിനെന്താ?

ഒരു യുവാവ് അവന്റെ അമ്മയോട് സാക്ഷീകരിക്കുവാൻ ശ്രമിച്ചു. യേശുവിന്റെ മരണത്തെയും അവൻ തിരിച്ചു വരുമെന്നുള്ള വാഗ്ദത്തത്തെയും കുറിച്ച് അവളോട് പറഞ്ഞു. അവൻ വളരെ നല്ല രീതിയിൽ തന്റെ ജോലി നിർവഹിച്ചുവെന്ന് ചിന്തിച്ച് അവന് അവനെക്കുറിച്ച് തന്നെ അഭിമാനം തോന്നി. അവൻ രണ്ടാംവരവിനെയും യേശുവിനെയും കുറിച്ചുള്ള കൊച്ചുപ്രസംഗം കഴിഞ്ഞപ്പോൾ, അവന്റെ അമ്മ അവനെ നോക്കി പറഞ്ഞു: “അതിന് എനിക്കിപ്പോൾ എന്താ കാര്യം?” 2 പത്രൊസ് 3:11-13 വായിക്കുക.

“അതിന്, എനിക്കിപ്പോൾ എന്താ?” എന്ന ചോദ്യത്തിന് പത്രൊസ് എങ്ങനെ മറുപടി പറയുന്നു? മത്തായി 24:43-57 കാണുക.

നാം പറഞ്ഞതുപോലെ, നമ്മുടെ പേരുതന്നെ യേശുവിന്റെ തിരിച്ചുവരവിന്റെ യാഥാർത്ഥ്യത്തെക്കുറിച്ചുള്ള നമ്മുടെ വിശ്വസം വെളിവാക്കുന്നു. ആ ഉപദേശം അടിസ്ഥാനപരമാണ്: ക്രിസ്തുവിന്റെ തിരിച്ചുവരവും അതിന്റെ വാഗ്ദത്തങ്ങളുമെല്ലാം നടന്നില്ല എങ്കിൽ നമ്മുടെ മുഴുവൻ ക്രിസ്തീയ വിശ്വാസവും അർത്ഥമില്ലാത്തതാകും. എന്നാൽ മത്തായി 24:43-51 ലെ ദുഷ്ടനായ ദാസന്റെ അവസ്ഥയിലാകുന്ന

അപകടത്തിലല്ലേ നാം? ആ ഉപമയിൽ കാണിച്ചിരിക്കുന്ന പ്രത്യേകതരം ദുഷ്ടത നാം ചെയ്യുന്നില്ലായിരിക്കാം, എന്നാൽ അതല്ല കാര്യം (അതെന്തായാലും ഒരു ഉപമ മാത്രമാണല്ലോ) പകരം, ആ ഉപമ നമ്മെ താക്കീത് ചെയ്യുന്നത്, നമ്മുടെ നിലവാരം താഴ്ന്നുപോകുന്നതു എളുപ്പമാകുമെന്നാണ്. പ്രത്യേകിച്ച് നമ്മൾ മറ്റുള്ളവരോട് എങ്ങനെ പെരുമാറുന്നു എന്ന കാര്യത്തിലും ലോകത്തോടു കൂടുതൽ അനുരൂപ മാകുകയും, കർത്താവിന്റെ തിരിച്ചു വരവിലുള്ള വിശ്വാസത്തിന്റെ തീക്ഷ്ണത കുറഞ്ഞു പോകുകയും ചെയ്യാം.

തീർച്ചയായും, ക്രിസ്തുവിന്റെ തിരിച്ചുവരവിന്റെ തീയതി അറിയാമെന്ന് അവരുടെ രേഖാചിത്രങ്ങളും കണക്കുക്കൂട്ടലുകളും കൊണ്ട് തെളിയിക്കാൻ ശ്രമിക്കുന്നവരെ നാം വല്ലപ്പോഴുമൊക്കെ കാണാറുണ്ട്. എന്നാൽ സെവന്ത്-ഡേ അഡ്വന്റിസ്റ്റുകാർ നേരിടുന്ന അപകടം അവർ കർത്താവിന്റെ വേഗംവരവിനായി തീയതികൾ നിശ്ചയി ക്കുന്നു എന്നതല്ല; അതിലുപരി, വർഷങ്ങൾ കടന്നുപോകുമ്പോൾ, രണ്ടാം വരവിന്റെ വാഗ്ദത്തം നമ്മുടെ ചിന്തകളിൽ വലിയ സ്ഥാനം വഹിക്കുന്നില്ല എന്നതാണ്.

അതെ, നാം ഇവിടെ എത്രയും കൂടുതൽ നാൾ ആയിരിക്കുന്നുവോ, നാം രണ്ടാം വരവിനോട് അത്രയും കൂടുതൽ അടുക്കുന്നു. മറുഭാഗത്ത്, നാം ഇവിടെ എത്രയും കൂടുതലായിരിക്കുന്നുവോ, അവന്റെ വരവ് അത്ര അകലെയാണെന്ന് ചിന്തിക്കുന്നത് ചിന്തിക്കുകയും അതിന് നമ്മുടെ ജീവിതത്തിൽ വലിയ സ്വാധീനമില്ലാതാകുകയും ചെയ്യുന്നു. ഇപ്രകാരമുള്ള അലംഭാവത്തിനെതിരെ തിരുവെഴുത്ത് താക്കീത് ചെയ്യുന്നു. പത്രൊസ് പറഞ്ഞതുപോലെ, യേശു തിരിച്ചുവരികയും, നാം ന്യായവിധി നേരിടേണ്ടി വരികയും ചെയ്താൽ, ക്രിസ്ത്യാനികൾ ദൈവികത്വത്തിന്റെയും വിശുദ്ധിയുടെയും ജീവിതങ്ങൾ നയിക്കണം (2 പത്രൊസ് 3:11). രണ്ടാം വരവിന്റെ യാഥാർത്ഥ്യം, അതെ പ്പോൾ സംഭവിച്ചാലും, നാം ഇപ്പോൾ എങ്ങനെ ജീവിക്കുന്നു എന്നതിനെ സ്വാധീനി ക്കണം.

**നിങ്ങളുടെ ദൈനംദിന ചിന്തയിലും രണ്ടാംവരവിന്റെ യാഥാർത്ഥ്യം എത്ര മാത്രം സ്വാധീനിക്കുന്നു? അങ്ങനെ എന്തെങ്കിലും ഉണ്ടെങ്കിൽ, നിങ്ങളുടെ വിശ്വാസത്തെയും ജീവിതത്തെയും കുറിച്ച് നിങ്ങളുടെ ഉത്തരം എന്തു പറയുന്നു?**

**വ്യാഴം** **ജൂൺ 15**

**ഒരു അന്തിമ ആഹ്വാനം**

ആരംഭം മുതൽ അതിൽ വ്യാപിച്ചുകിടക്കുന്ന ഒരു കേന്ദ്ര ആശയവുമായാണ് പത്രൊസ് അവന്റെ ലേഖനം വസാനിപ്പിക്കുന്നത്. വിശുദ്ധജീവിതങ്ങൾ നയിക്കുകയും “അധർമികളുടെ വഞ്ചനയിൽ കുടുങ്ങി”(2 പത്രൊസ് 3:17) വഴിതെറ്റി പോകാതിരി ക്കുകയും ചെയ്യുക.

**2 പത്രൊസ് 3:14-18 വായിക്കുക. ആരോടാണ് പത്രൊസ് ആഹ്വാനം ചെയ്യുന്നത്? ഈ ആഹ്വാനത്തിൽ അവൻ എന്താണ് താക്കീത് ചെയ്യുന്നത്?**

പത്രൊസ് അവന്റെ ലേഖനം അവസാനിപ്പിക്കുന്നത് "നമ്മുടെ പ്രിയ സഹോദരൻ പൗലൊസിന്റെ" (2 പത്രൊസ് 3:15) എഴുത്തുകളുടെ ഒരു ആഹ്വാനത്തോടുകൂടിയതാണെന്നത് എത്ര രസകരമാണ്. യേശുവിന്റെ രണ്ടാം വരവിനുവേണ്ടി കാത്തിരിക്കുന്ന സമയത്ത് സമാധാനത്തോടെ ജീവിക്കേണ്ടതിന്റെയും ആ സമയം വിശുദ്ധ ജീവിതം വികസിപ്പിച്ചെടുക്കാനായി ഉപയോഗിക്കേണ്ടതിന്റെയും ആവശ്യത്തെക്കുറിച്ച് പൗലൊസും എഴുതി (റോമർ 2:4; 12:18; ഫിലിപ്പിയർ 2:12 വായിക്കുക).

ആദിമ ക്രിസ്തീയ ചരിത്രത്തിൽ പൗലൊസിന്റെ എഴുത്തുകൾ വളരെയധികം വിലമതിക്കപ്പെട്ടിരുന്നു എന്ന് കാണിക്കുന്നതാണ് പൗലൊസിന്റെ എഴുത്തുകളെക്കുറിച്ചുള്ള പത്രൊസിന്റെ പരാമർശം. പത്രൊസ് പരാമർശിക്കുന്നത് ഇന്ന് പുതിയ നിയമത്തിൽ കാണുന്ന പൗലൊസിന്റെ മുഴുവൻ എഴുത്തുകളെയുമാണോ അതോ ഭാഗികമായി മാത്രമാണോ എന്ന് ഉറപ്പിക്കാൻ കഴിയില്ല. എന്നിരുന്നാലും, പത്രൊസിന്റെ പരാമർശങ്ങൾ കാണിക്കുന്നത് പൗലൊസിന്റെ എഴുത്തുകൾ വളരെയധികം വിലമതിക്കപ്പെട്ടിരുന്നുവെന്നാണ് ഒടുവിൽ, മറ്റ് തിരുവെഴുത്തുകൾ പോലെ പൗലൊസിന്റെ എഴുത്തുകളും തെറ്റായി വ്യാഖ്യാനിക്കപ്പെടാം എന്നാണ്. "ഗ്രാഫാ" എന്ന ഗ്രീക്ക് പദത്തിന്റെ അക്ഷരാർത്ഥത്തിലുള്ള അർത്ഥം "എഴുത്തുകൾ" എന്നാണ്. (എന്നാൽ ഈ സന്ദർഭത്തിൽ അതിന്റെ വ്യക്തമായ അർത്ഥം "വിശുദ്ധ എഴുത്തുകൾ" എന്നാണ്.) മോശെയുടെയും പ്രവാചകന്മാരുടെയും പുസ്തകങ്ങൾപോലെ. എബ്രായ ബൈബിളിന്റെ അധികാരമെന്നപോലെ, പൗലൊസിന്റെ എഴുത്തുകളും അധികാരം ഏറ്റെടുത്തു എന്നതിന് വളരെ നേരത്തെയുള്ള തെളിവുകൾ ഇവിടെയുണ്ട്. സ്വാതന്ത്ര്യം വാഗ്ദത്തം ചെയ്യുന്ന വ്യാജ ഉപദേശകന്മാരുടെ കാര്യം നാം നേരത്തെ വായിച്ചത് കണക്കിലെടുക്കുമ്പോൾ, കൃപയെയും സ്വാതന്ത്ര്യത്തെയും കുറിച്ചുള്ള എഴുത്തുകൾ പാപകരമായ പെരുമാറ്റത്തിന് ഒരു ഒഴികഴിവായി മനുഷ്യർ ഉപയോഗിക്കുന്നു എന്നു ഭാവന ചെയ്യാൻ ബുദ്ധിമുട്ടില്ല. വിശ്വാസത്താലുള്ള നീതീകരണം മാത്രം എന്നതിനെ പൗലൊസ് ശക്തമായി ഊന്നിപ്പറഞ്ഞു (റോമർ 3:21,22). എന്നാൽ അവന്റെ എഴുത്തുകളിൽ ഒന്നും പാപത്തിന് അനുമതി നൽകുന്നില്ല (റോമർ 6:1-14). വിശ്വാസത്താലുള്ള നീതീകരണത്തെക്കുറിച്ച് അവൻ ഉപദേശിച്ചതും പ്രസംഗിച്ചതുമായ ബന്ധത്തിൽ ത്തന്നെ ഈ തെറ്റ് അവന് കൈകാര്യം ചെയ്യേണ്ടിവന്നു. എന്നിട്ടുകൂടി, പത്രൊസ് താക്കീത് നൽകുന്നു, അവന്റെ എഴുത്തുകൾ വളച്ചൊടിക്കുന്നവർ "അവരുടെ സ്വന്തം നാശത്തിന്റെ" (2 പത്രൊസ് 3:16). സ്വന്തം ഉത്തരവാദിത്തത്തിലായിരിക്കും അത് ചെയ്യുക.

ക്രിസ്തുയേശുവിൽ നാം ജീവിക്കാൻ വിളിക്കപ്പെട്ടിരിക്കുന്ന തരത്തിലുള്ള ജീവിതം നയിക്കുന്നതിന് നമ്മെ സഹായിക്കുന്നതിലേക്ക് നിങ്ങൾക്ക് എപ്രകാരമുള്ള തിരഞ്ഞെടുപ്പുകൾ ഇപ്പോൾ തന്നെ എടുക്കാം?

**കൂടുതൽ ചിന്ത:** രണ്ടാം വരവ് വളരെയധികം താമസിച്ചുവെന്ന് നമ്മുടെ കാഴ്ചപ്പാടിൽനിന്ന് തോന്നാം. ഈ രീതിയിൽ നമുക്ക് തോന്നും എന്ന് യേശുവിനു വ്യക്തമായി അറിയാമായിരുന്നു. അതിനാൽ, ഈ സമയത്ത് നാം സുക്ഷ്മതയുള്ളവരല്ലെങ്കിൽ എന്തു സംഭവിക്കാം എന്നതിനെക്കുറിച്ചു ചില ഉപമകളിൽ അവൻ താക്കീത് ചെയ്തു. മത്തായി 24:45 –51 ലെ രണ്ടുവേലക്കാരുടെ കഥയെടുക്കുക (ബുധനാഴ്ചയിലെ പാഠത്തിൽ പ്രതിപാദിച്ചിട്ടുണ്ട്). അവരുടെ യജമാനൻ തിരികെ വരുമെന്ന് അവർ രണ്ടുപേരും പ്രതീക്ഷിച്ചു. എന്നാൽ അവന്റെ വരവിനെക്കുറിച്ച് അവർ രണ്ടു വ്യത്യസ്ത നിഗമനങ്ങളിൽ എത്തിച്ചേർന്നു. യജമാനൻ എപ്പോൾ വന്നാലും ഒരുങ്ങിയിരിക്കണമെന്ന് ഒരുവൻ തീരുമാനിച്ചു.അടുത്തവനാകട്ടെ യജമാനൻ താമസിച്ചുവെന്നു പറഞ്ഞു. അതിനാൽ ദുഷ്ടത പ്രവർ ത്തിക്കാൻ ഒരവസരമായി അതിനെ കണ്ടു. അവന്റെ വരവിന്റെ കൃത്യസമയം നമുക്ക് അറിയാത്തതുകൊണ്ട്, നമ്മോട് കാത്തിരിക്കാൻ കല്പിച്ചിട്ടുണ്ട്. "യജമാനൻ വരുന്നേരം ഉണർന്നിരിക്കുന്നവരായി കാണുന്ന ദാസന്മാർ ഭാഗ്യവാന്മാർ"(ലൂക്കൊസ് 12:37) കർത്താവിന്റെ വരവിനായി ഉണർന്നിരിക്കുന്നവൻ വൃഥാ പ്രതീക്ഷയോടെ കാത്തിരിക്കുകയല്ല. ക്രിസ്തുവിന്റെ വരവിന്റെ പ്രതീക്ഷ എന്നത് മനുഷ്യരെ ദൈവഭയമുള്ളവരാക്കാനും ലംഘനത്തിന്മേ ലുള്ള അവന്റെ ന്യായവിധികളെ അയയ്ക്കാനുമാണ്. അവന്റെ കരുണയുടെ ദാനങ്ങളെ തിരസ്കരിക്കുക എന്ന വലിയ പാപത്തിലേക്ക് അവരെ ഉണർത്തുന്നതിനാണ് അത് കർത്താവിനുവേണ്ടി ഉണർന്നിരിക്കുന്നവർ സത്യത്തോടുള്ള അനുസരണ ത്താൽ അവരുടെ ആത്മാക്കളെ ശുദ്ധീകരിക്കുകയാണ്." (EGW, യുഗങ്ങളുടെ പ്രത്യാശ, P. 634.

**ചർച്ചാ ചോദ്യങ്ങൾ**

1 **രണ്ടാം വരവിനെക്കുറിച്ചുള്ള തിങ്കളാഴ്ചത്തെ ചോദ്യത്തിനുള്ള നിങ്ങളുടെ മറുപടി ക്ലാസിൽ ചർച്ച ചെയ്യുക. ക്രിസ്തു ഇതുവരെ വന്നിട്ടില്ല എന്ന വസ്തുതയെ നാം കൈകാര്യം ചെയ്യുന്ന ചില മാർഗ്ഗങ്ങൾ എന്തൊക്കെയാണ്? ഓരോരുത്തരുടെയും ഉത്തരങ്ങളിൽ നിന്നും നമുക്ക് എന്തു പഠിക്കാൻ കഴിയും?**

2 **പാരമ്പര്യ, യുക്തി അല്ലെങ്കിൽ സംസ്കാരത്തിൽ നിന്നുമല്ലാതെ തികച്ചും ദൈവവചനത്തിൽ നിന്നും മാത്രം വരുന്ന എന്ത് വിശ്വാസങ്ങളും, ശീലങ്ങളും, ഉപദേശങ്ങളുമാണ് സെവന്ത് - ഡേ അഡ്വന്റിസ്റ്റുകാരെന്ന നിലയിൽ നാം നിലനിർത്തുന്നത്?**

3 **നാം ഈ ആഴ്ചയിൽ കണ്ടതുപോലെ, പാപകരമായ പ്രവണതകളെയും വികാരങ്ങളെയും പത്രൊസ് വ്യാജ ഉപദേശവുമായി ബന്ധിപ്പിച്ചു. ആ പാഠത്തിൽ ഈ പ്രസ്താവന ഉണ്ടായിരുന്നു. "പാപകരമായ വികാരങ്ങൾ വ്യാജ ഉപദേശത്തിലേക്ക് നയിക്കാം എന്നത് വെറുമൊരു യാദൃച്ഛികതയല്ല,**

ആണോ?" എന്തുകൊണ്ടാണ് അത് വെറുമൊരു യാദൃച്ഛികത ആകാത്തത്? അവ രണ്ടും തമ്മിലുള്ള വ്യത്യസ്ത ബന്ധങ്ങൾ എന്തായിരിക്കാം?

4 സമയം പരിപൂർണ്ണമല്ല എന്ന ആശ്ചര്യകരമായ ആശയം ആൽബർട്ട് ഐൻസ്റ്റീൻ ലോകത്തിനു നൽകി. അതായത്, നിങ്ങൾ എവിടെയാണെന്നും, എത്ര വേഗത്തിലാണ് നീങ്ങുന്നതെന്നും ആശ്രയിച്ച് നിങ്ങളുടെ മേഖലയിൽ നിന്നും മറ്റൊരാളുടേത് വ്യത്യസ്തമായിരിക്കും. കാര്യമിതാണ്, സമയം വളരെ നിഗൂഢമായതാണ് മാത്രമല്ല നമുക്ക് പൂർണ്ണമായി മനസ്സിലാകാത്ത വിധത്തിൽ അത് പ്രവർത്തിക്കുന്നു. ദൈവത്തിനു സമയം നമ്മുടേതിനു തുല്യമല്ല എന്ന് തിരിച്ചറിയുവാൻ ഈ ആശയം എങ്ങനെ സഹായിച്ചേക്കാം, പ്രത്യേകിച്ച് ക്രിസ്തു ഇതുവരെ തിരികെ വന്നില്ല എന്ന പശ്ചാത്തലത്തിൽ?

✪ ✪ ✪ ✪